**പതിമൂന്നാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2011–2014)

**പതിനെട്ടാമത് റിപ്പോർട്ട്**

(2014 ഫെബ്രുവരി 3-ാം തീയതി സമർപ്പിച്ചത്)

2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിൻ
(2011-ലെ 6) കീഴിൽ പുറപ്പെടുവിച്ച 116/2011, 246/2013, 247/2013
എന്നീ നമ്പർ എസ്.ആർ.ഒ.കൾ സംബന്ധിച്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2011–2014)

**പതിനെട്ടാമത് റിപ്പോർട്ട്**

(2014 ഫെബ്രുവരി 3–ാം തീയതി സമർപ്പിച്ചത്)

2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിൻ
(2011-ലെ 6) കീഴിൽ പുറപ്പെടുവിച്ച 116/2011, 246/2013, 247/2013
എന്നീ നമ്പർ എസ്.ആർ.ഒ.കൾ സംബന്ധിച്ച്

386/2014.

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)

### ഘടന

ചെയർമാൻ :

ശ്രീ. എം. ഉമ്മർ

അംഗങ്ങൾ :

ശ്രീ. വി. ചെന്താമരാക്ഷൻ

,, ചിറ്റയം ഗോപകുമാർ

,, ഹൈബി ഈഡൻ

,, ലൂഡി ലൂയിസ്

,, എൻ. എ. നെല്ലിക്കുന്ന്

,, സാജു പോൾ

,, എ. കെ. ശശീന്ദ്രൻ

,, വി. ശിവൻകുട്ടി.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എം. നാരായണൻ പോറ്റി, അഡീഷണൽ സെക്രട്ടറി

,, ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

## അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിൻകീഴിൽ പുറപ്പെടുവിച്ച എസ്. ആർ. ഒ.കൾ നമ്പർ 116/2011, 246/2013, 247/2013 എന്നിവ സമിതിയുടെ 8-10-2013-ന് ചേർന്ന യോഗത്തിൽ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുകയും സാംസ്കാരിക കാര്യം, നിയമം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരിൽനിന്നും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ച് കൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

2014 ജനുവരി 29-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**എം. ഉമ്മർ,**
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2014 ഫെബ്രുവരി 3.

## റിപ്പോർട്ട്

1. സിനിമ, സീരിയൽ മേഖലകളിലെ കലാകാരന്മാർ, ടെക്നീഷ്യന്മാർ, മറ്റ് കലാ-സാംസ്കാരിക സാഹിത്യമേഖലകളിലെ പ്രവർത്തകർ എന്നിവർക്ക് ആശ്വാസം നൽകുന്നതിനും അവർക്ക് പെൻഷൻ, ചികിത്സാ സഹായം തുടങ്ങിയ ആനുകൂല്യങ്ങൾ മെച്ചപ്പെട്ട രീതിയിൽ നൽകുന്നതിനും ഒരു സാംസ്കാരിക ക്ഷേമനിധി രൂപീകരിക്കണമെന്നുള്ളത് ഈ മേഖലകളിൽ നിന്നുള്ള നിരന്തര ആവശ്യമായിരുന്നു. ഇക്കാര്യം വിവിധ നിയമസഭാ സമ്മേളനങ്ങളിൽ ചോദ്യങ്ങളായും സബ്മിഷനുകളായും അനൗദ്യോഗിക ബിൽ മുഖേനയും ഉന്നയിച്ചിരുന്നു. ഇക്കാര്യം കണക്കിലെടുത്തുകൊണ്ട് എല്ലാ വിഭാഗം കലാകാരന്മാരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമഗ്ര ക്ഷേമനിധി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചു. ആയതിനാൽ കേരള സംസ്ഥാനത്ത് വിവിധ കലാ സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിരുന്നവരോ ആയ സാംസ്കാരിക പ്രവർത്തകർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി നിധി രൂപീകരിക്കുന്നതിനായി കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ സഭയിൽ കൊണ്ടുവന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബില്ലിന് 2011 ജനുവരി 27-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 28-ാം തീയതി 205-ാം നമ്പർ അസാധാരണ ഗസറ്റായി ആക്റ്റ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. 28 വകുപ്പുകളും പട്ടികയും ഉൾപ്പെടുന്നതാണ് ഈ ആക്റ്റ്.

2. പ്രസ്തുത ആക്റ്റിൻകീഴിൽ പുറപ്പെടുവിച്ച 116/2011, 246/2013, 247/2013 എന്നീ നമ്പർ എസ്.ആർ.ഒ.കൾ സമിതിയുടെ 8-10-2013-ന് ചേർന്ന യോഗം സൂക്ഷ്മപരിശോധന നടത്തുകയും നിയമം, സാംസ്കാരികകാര്യം എന്നീ വകുപ്പ് സെക്രട്ടറിമാരിൽനിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. എസ്. ആർ. ഒ.യുടെ വിശദമായ പരിശോധനയിലൂടെയും തെളിവെടുപ്പിന്റെയും വെളിച്ചത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും അതിന്റെ അടിസ്ഥാനത്തിലുള്ള ശിപാർശകളും ചുവടെ ചേർക്കുന്നു :

**എസ്.ആർ.ഒ. നമ്പർ 116/2011 തീയതി 10-2-2011**
**ജി.ഒ. (പി) നമ്പർ 8/2011/CAD തീയതി 10-2-2011**

3. 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിലെ (2011-ലെ 6-ാം ആക്റ്റ്) ഒന്നാം വകുപ്പിലെ (2)-ാം ഉപവകുപ്പുപ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് 2011 ഫെബ്രുവരി മാസം 10-ാം തീയതിമുതൽ ആക്റ്റ് പ്രാബല്യത്തിൽ വരുത്തിക്കൊണ്ടുള്ളതാണ് പ്രസ്തുത എസ്.ആർ.ഒ.

4. ആക്റ്റ് മലയാളത്തിലാണ് പ്രസിദ്ധീകരിച്ചിരിക്കുന്നതെങ്കിലും ആക്റ്റിന് പ്രാബല്യം നൽകിക്കൊണ്ട് പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചതിനുള്ള കാരണം സമിതി ആരാഞ്ഞതിന് പദ്ധതിയും ചട്ടങ്ങളും മലയാളത്തിൽ തന്നെയാണ് പ്രസിദ്ധീകരിച്ചതെന്നും ഓവർസൈറ്റുകൊണ്ട് സംഭവിച്ചതാകാമെന്നും സമിതിയുടെ സൂക്ഷ്മപരിശോധനാ സമയത്താണ് എസ്. ആർ. ഒ. ഇംഗ്ലീഷിലാണ് പ്രസിദ്ധീകരിച്ചിരിക്കുന്നതെന്ന് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതെന്നും എസ്. ആർ. ഒ. പ്രിന്റ് ചെയ്യുമ്പോൾ നോക്കേണ്ടത് ബന്ധപ്പെട്ട വകുപ്പായതിനാൽ ഇത് വകുപ്പിന് സംഭവിച്ച വീഴ്ചയാണെന്നും സാംസ്കാരികകാര്യ വകുപ്പുസെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. ഓരോ വകുപ്പുകളിൽനിന്നും വരുന്ന ഫയലുകളിൽ എല്ലാ ആക്റ്റുകളും എസ്.ആർ.ഒ.കളും മലയാളത്തിലും പ്രസിദ്ധീകരിക്കണമെന്ന് അഭിപ്രായക്കുറിപ്പ് രേഖപ്പെടുത്തിവിടാറുണ്ടെന്നും അടിയന്തിര സമയത്ത് അത് മലയാളത്തിലേക്ക് ട്രാൻസലേറ്റ് ചെയ്യാനുള്ള സമയം കിട്ടാറില്ലെങ്കിൽ അങ്ങനെതന്നെ പോകുന്നുണ്ടെന്നാണ് മനസ്സിലാകുന്നതെന്നും മലയാളത്തിൽ ഇറക്കി ഗവർണ്ണറുടെ അനുമതിയോടെ പ്രസിദ്ധീകരിക്കണം എന്ന് നിയമവകുപ്പ് നിർദ്ദേശം നൽകാറുണ്ടെങ്കിലും പല വകുപ്പുകളും അടിയന്തിരം എന്ന് കാണിച്ച് ഇംഗ്ലീഷിൽതന്നെ പ്രസിദ്ധീകരിക്കുകയാണ് ചെയ്യുന്നതെന്നും നിയമവകുപ്പുദ്യോഗസ്ഥൻ മറുപടി നൽകുകയും ഇനിമുതൽ നിയമവകുപ്പ് സെക്രട്ടറി ഇക്കാര്യം ശ്രദ്ധിക്കാമെന്ന് സമിതിക്ക് ഉറപ്പു നൽകുകയും ചെയ്തു.

5. ആക്റ്റ് മലയാളത്തിലാണ് പ്രസിദ്ധീകരിച്ചിരിക്കുന്നതെങ്കിലും ആക്റ്റിന് പ്രാബല്യം നൽകിക്കൊണ്ട് പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. ഇംഗ്ലീഷിൽ മാത്രമാണ് പ്രസിദ്ധീകരിച്ചതെന്ന് ശ്രദ്ധയിൽപ്പെട്ട സമിതി പ്രസ്തുത എസ്. ആർ. ഒ.യുടെ മലയാളത്തിലുള്ള പതിപ്പ് പ്രസിദ്ധീകരിക്കാൻവേണ്ട അടിയന്തിര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു. കൂടാതെ ഇത്തരത്തിലുള്ള തെറ്റുകൾ നിരവധി തവണ ആവർത്തിച്ച് വരുത്തുന്നതിനാൽ മേലിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും ഇതിനുവേണ്ടി സ്വീകരിച്ച നടപടി എന്താണെന്ന് സമിതിയെ അറിയിക്കണമെന്നും ശിപാർശ ചെയ്യുന്നു.

6. ഓരോ വകുപ്പുകളിൽനിന്നും പ്രസിദ്ധീകരിക്കുന്ന ആക്റ്റുകളും ചട്ടങ്ങളും പദ്ധതികളും ഇംഗ്ലീഷിലാണെങ്കിൽ ആയത് മലയാളത്തിലുംകൂടി പ്രസിദ്ധീകരിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകാൻ ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെടാൻ സമിതി ശിപാർശ ചെയ്യുന്നു.

**എസ്.ആർ.ഒ. നമ്പർ 246/2013 തീയതി 27-3-2013**

**സ. ഉ. (കൈയെഴുത്ത്) നമ്പർ 1/2013/സാം.ക.വ.**
**തീയതി 2013 ജനുവരി 8**

7. 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിലെ (2011-ലെ 6) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് പ്രസ്തുത ആക്റ്റിന്റെ പരിധിയിൽവരുന്ന സാംസ്കാരിക പ്രവർത്തകരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുംവേണ്ടി കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി രൂപീകരിച്ചുകൊണ്ടുള്ളതാണ് 2013-ലെ 246-ാം നമ്പർ എസ്.ആർ.ഒ.

8. ആക്റ്റ് പ്രാബല്യത്തിൽവന്നത് 2011 ഫെബ്രുവരി മാസം 10-ാം തീയതി യാണെങ്കിലും പദ്ധതി വിജ്ഞാപനം ചെയ്തിരിക്കുന്നത് 2013 ജനുവരി മാസം 8-ാം തീയതിയാണെന്നും പദ്ധതി രൂപീകരിക്കാൻ ഏകദേശം 23 മാസത്തെ കാലതാമസം നേരിട്ടതെന്താണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ആക്റ്റ് പ്രാബല്യത്തിൽ വന്ന 2011-ൽതന്നെ പദ്ധതി തയ്യാറാക്കുകയും അത് നിയമവകുപ്പിലയച്ചപ്പോൾ കുറച്ച് തിരുത്തലുകൾ വരുത്തേണ്ടിവന്നുവെന്നും അതിനുശേഷം 1961-ലെ കേരള തദ്ദേശാധികാരസ്ഥാനവിനോദനികുതി ആക്റ്റിലെ (1961-ലെ 20) 3സി വകുപ്പു പ്രകാരം നിധിയിലേക്ക് കൊടുക്കേണ്ടതായ, 25 രൂപയിൽ കവിയുന്ന ഓരോ സിനിമാ ടിക്കറ്റിൽ നിന്നും 3 രൂപ നിരക്കിൽ സെസ്സ് ഈടാക്കാൻവേണ്ട നിബന്ധനകൂടി ഏർപ്പെടുത്തേണ്ടി വരുന്നതിനാൽ അതിനുള്ള വിജ്ഞാപനംകൂടി വന്നശേഷം ആയതുംകൂടി ഉൾപ്പെടുത്തി എസ്. ആർ. ഒ. പ്രസിദ്ധീകരിച്ചതിനാലാണ് കാലതാമസം നേരിട്ടതെന്നും സാംസ്കാരികകാര്യ വകുപ്പുസെക്രട്ടറി സമിതി മുമ്പാകെ മറുപടി നൽകി. പല വകുപ്പുകളും സമയനിഷ്ഠപാലിക്കുന്നില്ലായെന്നും സമയനിഷ്ഠപാലിച്ചിരുന്നുവെങ്കിൽ ഇത്രയും കാലതാമസം ഒഴിവാക്കാമായിരുന്നുവെന്നും അതിനുവേണ്ടി ഒരു നിർദ്ദേശം എല്ലാ വകുപ്പുകൾക്കും നൽകണമെന്നും നിയമവകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

9. ആക്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം ചട്ടങ്ങളും പദ്ധതികളും പുറപ്പെടുവിക്കുന്നതിന്റെ ഭാഗമായി ചട്ടങ്ങളുടെയും പദ്ധതികളുടെയും കരട് തയ്യാറാക്കുന്നതിനും അവ ഓരോ വകുപ്പും പരിശോധിക്കുന്നതിന് ആവശ്യത്തിൽകൂടുതൽ സമയം എടുക്കുന്നതിനാലും യഥാർത്ഥത്തിൽ ആക്റ്റുകൊണ്ട് ആർക്കാണോ പ്രയോജനം ലഭിക്കേണ്ടത് ആയത് അവരിൽ എത്തിപ്പെടാൻ കാലതാമസം നേരിടുന്നുവെന്നും ആയത് ആക്റ്റിന്റെ ഉദ്ദേശ്യത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്നും സമിതി വിലയിരുത്തി.

10. ആക്റ്റ് നിലവിൽവന്നുകഴിഞ്ഞാൽ എത്രയും പെട്ടെന്ന് ചട്ടങ്ങളും പദ്ധതികളും രൂപീകരിക്കാൻവേണ്ട നടപടി ബന്ധപ്പെട്ട വകുപ്പ് കൈക്കൊള്ളണമെന്നും ആയതിലൂടെ ചട്ടങ്ങളും പദ്ധതികളും രൂപീകരിക്കാനുള്ള കാലതാമസം ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

11. ഖണ്ഡിക 2(ഡി)യിലെ "കേരള 'സാംസ്കാരിക' പ്രവർത്തക ക്ഷേമനിധി ചട്ടങ്ങൾ" എന്നത് "കേരള 'സാംസ്കാരിക' പ്രവർത്തക ക്ഷേമനിധി ചട്ടങ്ങൾ" എന്നും ഖണ്ഡിക 2(ജി)യിലെ "സൂപ്പർ ആനുവേഷൻ" എന്നത് "സൂപ്പറാന്വേഷൻ" എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. ഖണ്ഡിക 2 (എഫ്)-ൽ "ചീഫ് എക്സിക്യൂട്ടീവ് അതോറിറ്റി" എന്നതിന് നിർവ്വചനമായി "ആക്റ്റിലെ 13-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ബോർഡിന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു." എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ആക്റ്റിലെ 13-ാം വകുപ്പിൽ "ചീഫ് എക്സിക്യൂട്ടീവ് അധികാരി" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് നിരീക്ഷിച്ച സമിതി ഖണ്ഡിക 2(എഫ്)-ലെ "ചീഫ് എക്സിക്യൂട്ടീവ് അതോറിറ്റി" എന്നത് ആക്റ്റിലേതുപോലെ "ചീഫ് എക്സിക്യൂട്ടീവ് അധികാരി" എന്ന് തിരുത്തൽ വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

13. ഖണ്ഡിക 2(ജി)യിൽ "സൂപ്പർ ആനുവേഷൻ" എന്നാൽ "സാംസ്കാരിക പ്രവർത്തകൻ 60 വയസ്സ് പൂർത്തിയാക്കുക എന്നർത്ഥമാകുന്നു" എന്ന് നിർവ്വചിച്ചിരിക്കുന്നത് '"സൂപ്പറാന്വേഷൻ" എന്നാൽ "ഒരു സാംസ്കാരിക പ്രവർത്തകന് 60 വയസ്സ് പൂർത്തിയാകുക" എന്നർത്ഥമാകുന്നു' എന്ന് തിരുത്തൽ വരുത്തുന്നതാണ് ഉചിതമെന്ന് സമിതി കരുതുന്നു. ആയതിനാൽ അപ്രകാരം ഖണ്ഡിക 2(ജി) ഭേദഗതി വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

14. ഖണ്ഡിക 3(2)-ൽ "ആക്റ്റിലെ 7-ാം വകുപ്പ് പ്രകാരം നിധിയിൽ അംഗമാകാൻ അർഹതയുള്ള ഓരോ സാംസ്കാരിക പ്രവർത്തകനും അംഗത്വത്തിനുവേണ്ടി 1-ാം നമ്പർ ഫാറത്തിൽ അപേക്ഷ നൽകേണ്ടതാണ്" എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിൽ അപേക്ഷ ആർക്കാണ് നൽകേണ്ടതെന്ന് ഖണ്ഡിക 3-ന്റെ ഒരു ഉപഖണ്ഡികയിലും പറഞ്ഞിട്ടില്ലാത്തതിനാൽ ഖണ്ഡിക 3(2) "ആക്റ്റിലെ 7-ാം വകുപ്പ് പ്രകാരം നിധിയിൽ അംഗമാകാൻ അർഹതയുള്ള ഓരോ സാംസ്കാരിക പ്രവർത്തകനും അംഗത്വത്തിനുവേണ്ടിയുള്ള അപേക്ഷ 1-ാം നമ്പർ ഫാറത്തിൽ സെക്രട്ടറിക്ക് നൽകേണ്ടതാണ്" എന്ന് തിരുത്തൽ വരുത്തുന്നതാണ് ഉചിതമെന്ന് സമിതി കരുതുന്നു. ആയതിനാൽ ഖണ്ഡിക 3(2) അപ്രകാരം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. ഖണ്ഡിക 3(2)-ന്റെ പ്രൊവൈസോയിൽ "7-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ഒന്നാം ക്ലിപ്തം നിബന്ധനപ്രകാരം" എന്നത് "7-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ഒന്നാം ക്ലിപ്തനിബന്ധനപ്രകാരം" എന്നും ഫാറം 1-ൽ "ഖണ്ഡിക 3(1) കാണുക" എന്നത് "ഖണ്ഡിക 3(2) കാണുക" എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

16. ഖണ്ഡിക 3(6)-ൽ "2-ാം ഉപഖണ്ഡിക പ്രകാരം നിശ്ചയിച്ചിരിക്കുന്ന തുക പുതുക്കി നിശ്ചയിക്കുന്നതിനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്" എന്നത് തെറ്റാണെന്ന് നിരീക്ഷിച്ച സമിതി "1-ാം ഉപഖണ്ഡിക പ്രകാരം നിശ്ചയിച്ചിരിക്കുന്ന തുക പുതുക്കി നിശ്ചയിക്കുന്നതിനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

17. ഫാറം 1-ൽ ക്രമനമ്പർ 3-ലെ ജനനതീയതിയും പൂർത്തിയായ വയസ്സും എന്നതിനു താഴെയായി ബ്രാക്കറ്റിൽ "രേഖകൾ ഹാജരാക്കിയിരിക്കണം" എന്നുകൂടി ചേർക്കാനും ക്രമനമ്പർ 11-ന് താഴെയായി "അംഗത്വ നമ്പർ പ്രാബല്യത്തിൽ വന്ന തീയതി, അംശദായം ഏതു തീയതി വരെ അടച്ചു, കൈപ്പറ്റിയ/കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ" എന്നതുകൂടി ഉൾപ്പെടുത്താനും ക്രമനമ്പർ 12-ൽ "ഏർപ്പെട്ടരിക്കുന്നുവെങ്കിൽ" എന്നത് "ഏർപ്പെട്ടിരിക്കുന്നുവെങ്കിൽ" എന്ന് തിരുത്തൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

18. ഫാറം 1-ൽ അംഗത്വവും നാമനിർദ്ദേശവും ഉൾക്കൊള്ളിച്ചിരിക്കുന്നതിനാൽ ഫാറം 1-ന്റെ തലക്കെട്ട് "അംഗത്വത്തിനുള്ള അപേക്ഷ" എന്നത് "അംഗത്വത്തിനും നാമനിർദ്ദേശത്തിനുമുള്ള അപേക്ഷ" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. പദ്ധതിയിലെ 5-ാം ഖണ്ഡിക പ്രകാരം "പദ്ധതിയിലെ ഏതൊരു അംഗത്തിനും ഭാവിയിൽ കുടുംബത്തിൽവരുന്ന മാറ്റം അനുസരിച്ച് നാമനിർദ്ദേശത്തിൽ ഭേദഗതി വരുത്താവുന്നതാണ്" എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും പുനഃനാമനിർദ്ദേശം ചെയ്യുന്നതിനുള്ള സൗകര്യം ഫാറം നമ്പർ 1-ൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയതുംകൂടി ഫാറത്തിൽ ഉൾപ്പെടുത്തി ഖണ്ഡിക 5 ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. പദ്ധതിയിലെ 6-ാം ഖണ്ഡികയുടെ തലക്കെട്ട് 'അംഗത്വ രജിസ്റ്റർ' എന്നാണ് പറഞ്ഞിരിക്കുന്നതെങ്കിലും 6-ാം ഖണ്ഡികയിൽ അംഗത്വ നമ്പരും തിരിച്ചറിയൽ കാർഡും നൽകുന്നതിനെപ്പറ്റി പരാമർശിച്ചിരിക്കുന്നതിനാൽ ആയതിന്റെ തലക്കെട്ട് "അംഗത്വ രജിസ്റ്ററും തിരിച്ചറിയൽ കാർഡും" എന്നാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. പദ്ധതിയിൽ അനുബന്ധമായി ചേർത്തിരിക്കുന്ന ഫാറം 1 ഒഴികെ വേറെ ഒരു ഫാറത്തിലും "2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി" എന്ന് ചേർത്തിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ, പദ്ധതിയിലെ എല്ലാ ഫാറങ്ങളുടെയും മുകളിലായി "2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി" എന്ന് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. ഫാറം 2-ൽ 'ഖണ്ഡിക 6(1) കാണുക' എന്നത് 'അംഗത്വ രജിസ്റ്റർ' എന്ന തലക്കെട്ടിന് മുകളിൽ ചേർക്കാനും ഫാറം 2-ലെ 2-ാമത്തെ കോളത്തിൽ പറഞ്ഞിരിക്കുന്ന "അംഗത്വത്തിന്റെ പേരും മേൽവിലാസവും" എന്നത് "അംഗത്തിന്റെ പേരും മേൽവിലാസവും" എന്ന് തിരുത്തൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

23. ഫാറം 2-ലെ 3-ാമത്തെ കോളത്തിലെ 'അപേക്ഷ തീയതി' എന്നത് 'അപേക്ഷ ലഭിച്ച തീയതി' എന്ന് തിരുത്തൽ വരുത്തണമെന്നും ഫാറം 3-ലെ ക്രമനമ്പർ 6-ാമതായി പറഞ്ഞിരിക്കുന്ന "രജിസ്ട്രേഷൻ നമ്പർ ഏത് തീയതി മുതൽ" എന്നത് "അംഗത്വം നൽകിയ തീയതി" എന്ന് തിരുത്തൽ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു

24. ഖണ്ഡിക 7-ൽ "ചട്ടങ്ങളിലെ 3-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഓരോ അംഗവും അംശദായം നൽകേണ്ടതും ഓരോ അംഗത്തെ സംബന്ധിച്ചും 4-ാം നമ്പർ ഫാറത്തിലുള്ള വ്യക്തിഗത അംശദായ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്" എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഓരോ അംഗവും അംശദായം അടച്ച വിശദാംശങ്ങൾ 4-ാം നമ്പർ ഫോറത്തിലുള്ള വ്യക്തിഗത അംശദായ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാകയാൽ ഖണ്ഡിക 7 താഴെ പറയുംപ്രകാരം മാറ്റം വരുത്തുന്നതാണ് ഉചിതമെന്ന് സമിതി കരുതുന്നു. ആയതിനാൽ ഖണ്ഡിക 7 "ചട്ടങ്ങളിലെ 3-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം ഓരോ അംഗവും അംശദായം നൽകേണ്ടതും ഓരോ അംഗവും അംശദായം അടച്ച വിശദാംശങ്ങൾ 4-ാം നമ്പർ ഫാറത്തിലുള്ള വ്യക്തിഗത അംശദായ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്." എന്ന് ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. ഈ പദ്ധതിയിൽ വ്യക്തിഗത അംശദായ രജിസ്റ്റർ മാത്രമെ പരാമർശിച്ചി ട്ടുള്ളൂ എന്നതിനാൽ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലേതു പോലെ അംശദായ രജിസ്റ്റർകൂടി ഉൾപ്പെടുത്തണമെന്നും അതനുസരിച്ച് ഖണ്ഡിക 7-ൽ അംശദായ രജിസ്റ്ററിലും രേഖപ്പെടുത്തണമെന്ന നിർദ്ദേശം ഉൾപ്പെടുത്തി ഭേദഗതി ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

26. വ്യക്തിഗത അംശദായ രജിസ്റ്ററിന്റെ മാതൃകയുള്ള ഫാറം 4-ൽ "അംഗത്തിന്റെ പേരും മേൽവിലാസവും" എന്നതിനുശേഷം "അംഗത്വം പ്രാബല്യത്തിൽ വന്ന തീയതി" കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. ഫാറം 4-ന്റെ 5-ാം കോളത്തിൽ "അടച്ച രീതി" എന്ന വാക്കുകൾക്ക് ശേഷം ബ്രാക്കറ്റിൽ "ചെക്ക്/ഡി.ഡി./ക്യാഷ്" എന്നിവകൂടി ഉൾപ്പെടുത്തുന്നതല്ലേ ഉചിതമെന്നും കോർ ബാങ്കിംഗ് എന്നാൽ ഇ-പേയ്മെന്റ് രീതിയല്ലേയെന്നും ഇ-പേയ്മെന്റ് കൂടി ഉൾപ്പെടുത്തേണ്ടതല്ലേയെന്നും സമിതി ആരാഞ്ഞതിന് ചട്ടം 3 പ്രകാരം "..........അംശദായം നൽകേണ്ടതായ ഒരാളിനും .................. സർക്കാർ അംഗീകാരത്തോടെ ബോർഡ് തീരുമാനിക്കുന്ന ഏതെങ്കിലും ദേശസാത്ക്കൃത ബാങ്കിന്റെ ശാഖയിൽ ................................ നേരിട്ടോ കോർ ബാങ്കിംഗ് സംവിധാനം വഴിയോ അടയ്ക്കേണ്ടതാണ്" എന്ന് റൂളിൽ പറഞ്ഞിട്ടുണ്ടെന്നും കോർ ബാങ്കിംഗ് എന്നാൽ ഏതെങ്കിലും ഒരു ബ്രാഞ്ചിലടച്ചാലും നമ്മുടെ അക്കൗണ്ട് ട്രാൻസാക്ഷൻ നടക്കുന്ന സ്ഥലത്ത് എത്തുമെന്നും നിയമവകുപ്പ് സെക്രട്ടറി മറുപടി നൽകി. ആയതിനാൽ ഫാറം 4-ന്റെ 5-ാം കോളത്തിൽ ''അടച്ച രീതി'' എന്ന വാക്കുകൾക്കുശേഷം ബ്രാക്കറ്റിൽ ''ചെക്ക്/ഡി.ഡി./ക്യാഷ്'' എന്നിവയുടെ കൂടെ ഇ-പേയ്മെന്റ് കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. ആക്റ്റിലെ 3-ാം വകുപ്പ് (2) (ii) ഉപവകുപ്പുപ്രകാരം "കേന്ദ്രസർക്കാരോ സംസ്ഥാന സർക്കാരോ തദ്ദേശസ്ഥാപനങ്ങളോ മറ്റ് സർക്കാരിതര സ്ഥാപനങ്ങളോ സംഘടനകളോ വ്യക്തികളോ നൽകുന്ന ഗ്രാന്റുകളും വായ്പകളും മുൻകൂറുകളും സംഭാവനകളും പദ്ധതിയുടെയോ പദ്ധതികളുടെയോ കീഴിലുള്ള നിധിയിൽ വരവ് വയ്ക്കേണ്ടതാണ്" എന്ന് നിഷ്ക്കർഷിച്ചിരിക്കുന്നു. എന്നാൽ പദ്ധതിയിലെ 10(2) ഖണ്ഡികപ്രകാരം അംഗങ്ങളിൽനിന്നും സർക്കാരിൽനിന്നും ലഭിക്കുന്ന എല്ലാ തുകയും ബാങ്ക് ചെക്കും ഡ്രാഫ്റ്റുകളും മറ്റും ഉൾപ്പെടെ സെക്രട്ടറി ബോർഡിന്റെ നിർദ്ദിഷ്ട ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ് എന്നും പറഞ്ഞിരിക്കുന്നു. പദ്ധതിയിൽ ആക്റ്റിലേതുപോലെ വ്യക്തത വരുത്തേണ്ടതല്ലേയെന്നും ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതോടൊപ്പം രജിസ്റ്ററുകളിലും രേഖപ്പെടുത്തേണ്ടതല്ലേ എന്നും ഖണ്ഡിക 10(2) "അംഗങ്ങളിൽനിന്നും സർക്കാരിൽനിന്നും ലഭിക്കുന്ന എല്ലാ തുകയും ബാങ്ക് ചെക്കും ഡ്രാഫ്റ്റുകളും മറ്റും ഉൾപ്പെടെ സെക്രട്ടറി ഇതിനുവേണ്ടി യുള്ള രജിസ്റ്ററിൽ വരവ് വയ്ക്കേണ്ടതും ബോർഡിന്റെ നിർദ്ദിഷ്ട ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്" എന്നാക്കുന്നതല്ലെ ഉചിതമെന്നും എങ്കിൽ, അപ്രകാരം അംശദായ രജിസ്റ്ററും സർക്കാരിൽനിന്നും ഗ്രാന്റ് ലഭിക്കുന്നത് സംബന്ധിച്ച രജിസ്റ്ററും സൂക്ഷിക്കുന്നുണ്ടോയെന്നും സമിതി ആരാഞ്ഞതിന് പണം സൂക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും പ്രത്യേക രജിസ്റ്ററുണ്ടെന്നും അടച്ച തുക എത്രയാണെന്ന് രജിസ്റ്ററിൽ നോക്കിയാൽ കൃത്യമായി മനസ്സിലാക്കാൻ

സാധിക്കുമെന്നും അതിനൊരു രജിസ്റ്ററിന്റെ ഫോറംകൂടി ചട്ടങ്ങളിൽ വ്യവസ്ഥചെയ്യുന്നത് നല്ലതാണെന്നും ക്ഷേമനിധി സെക്രട്ടറി മറുപടി നൽകി. ആയതിനാൽ ആക്റ്റിലെ 3-ാം വകുപ്പ് (2) (ii) ഉപവകുപ്പുപ്രകാരം കേന്ദ്രസർക്കാരോ സംസ്ഥാന സർക്കാരോ തദ്ദേശസ്ഥാപനങ്ങളോ മറ്റ് സർക്കാരിതര സ്ഥാപനങ്ങളോ സംഘടനകളോ വ്യക്തികളോ നൽകുന്ന ഗ്രാന്റുകളും വായ്പകളും മുൻകൂറുകളും സംഭാവനകളും നിധിയിൽ വരവുവയ്ക്കുന്ന ഫാറത്തിന്റെ മാതൃക പദ്ധതിയിൽ ഉൾപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

29. ഖണ്ഡിക 12-ൽ പരാമർശിച്ചിരിക്കുന്നത് നിധിയിലേക്കുള്ള സർക്കാരിന്റെ അംശദായം നൽകലാണ്. ആക്റ്റിന്റെ 6-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം "സർക്കാർ ഓരോ വർഷവും ഗ്രാന്റായി നൽകേണ്ട തുക ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിനുവേണ്ടി ഗ്രാന്റായി നൽകേണ്ട തുകയുടെ പൂർണ്ണവിവരം തൊട്ടടുത്തവർഷം നവംബർ 30-ാം തീയതിക്ക് മുമ്പായി സെക്രട്ടറി സർക്കാരിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്." 2013-ലെ കേരള സാംസ്കാരിക പ്രവർത്തകക്ഷേമനിധി ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം 'നിധിയിലേക്ക് അംശദായം നൽകേണ്ടതായ ഓരോ അംഗവും ................ തൊട്ടടുത്ത മാസം 10-ാം തീയതിക്കകം ............... അടയ്ക്കേണ്ടതാണ്''. ആയതിനാൽ, ഏപ്രിൽ 10-ാം തീയതി ഒരു സാമ്പത്തിക വർഷം അംഗങ്ങൾ അടച്ച അംശദായ കണക്ക് ലഭിക്കുമെന്നിരിക്കെ സർക്കാർ നൽകേണ്ട ഗ്രാന്റ് തുകയുടെ പൂർണ്ണവിവരം അടുത്തവർഷം നവംബർ 30-ാം തീയതിക്കുമുമ്പായി എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിൽ നവംബർ 30 വരെ സമയം നൽകുന്നത് ഉചിതമാണോയെന്ന് സമിതി ആരാഞ്ഞതിന് സെപ്റ്റംബർ 30 വരെ ആക്കാമെന്ന് സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി മറുപടി നൽകി. ആയതിനാൽ സെപ്റ്റംബർ 30 വരെ എന്ന തീയതി ഉൾപ്പെടുത്തി ആക്റ്റിന്റെ 6(4)-ലെ വ്യവസ്ഥ പറഞ്ഞിരിക്കുന്നത് ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. ഖണ്ഡിക 12-ൽ "ആക്റ്റിന്റെ 6-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം സർക്കാർ ഓരോ വർഷവും ഗ്രാന്റായി നൽകേണ്ട തുക ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിനുവേണ്ടി, ഗ്രാന്റായി നൽകേണ്ട തുകയുടെ പൂർണ്ണവിവരം അടുത്ത വർഷം നവംബർ 30-ാം തീയതിക്കുമുമ്പായി സെക്രട്ടറി സർക്കാരിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്'' എന്ന വ്യവസ്ഥയിൽ "അടുത്ത വർഷം'' എന്ന വാക്കുകൾക്ക് പകരം "ഓരോ വർഷവും" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. ഖണ്ഡിക 11(1)-ൽ "ആക്റ്റിലെ 6-ാം വകുപ്പു പ്രകാരം അടയ്ക്കേണ്ടതായ അംശദായം തുടർച്ചയായി ഒരു വർഷക്കാലമോ അതിലധികമോ അടയ്ക്കാതിരിക്കുന്ന ഒരംഗത്വത്തിന്റെ അംഗത്വം സ്വമേധയാ റദ്ദാക്കുന്നതാണ്''. എന്നതിൽ "ഒരംഗത്വത്തിന്റെ അംഗത്വം'' എന്നത് "ഒരംഗത്തിന്റെ അംഗത്വം'' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. ഖണ്ഡിക 14(1)-ലെ അവസാനത്തെ വരിയിൽ "സൂപ്പർ ആന്വേഷൻ പെൻഷന്'' എന്നത് "സൂപ്പറാന്വേഷൻ പെൻഷന്'' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. ഖണ്ഡിക 14-ൽ പെൻഷനുള്ള അർഹത സംബന്ധിച്ച വ്യവസ്ഥയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഖണ്ഡിക 14(1) പ്രകാരം കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം അടച്ച ഒരു അംഗത്തിന് 60 വയസ്സ് തികയുന്നതിന്റെ അടുത്ത മാസം മുതലോ 7-ാം വകുപ്പിന്റെ 1-ാം ക്ലിപ്ത നിബന്ധന പ്രകാരം അംഗത്വം ലഭിച്ച ഒരാളിന്, അംഗത്വം ലഭിച്ച് ഒരു മാസം പൂർത്തിയാകുമ്പോൾ മുതലോ സൂപ്പറാന്വേഷൻ പെൻഷന് അർഹതയുണ്ട്. എന്നാൽ ഖണ്ഡിക 14(2) പ്രകാരം നിധിയിൽ കുറഞ്ഞത് 10 വർഷം അംശദായം അടച്ചിട്ടുള്ളതും സ്ഥിരമായ ശാരീരിക അവശതമൂലം തുടർന്ന് പ്രവർത്തനം നടത്താൻ കഴിയാത്തതുമായ അംഗത്തിനാണ് അവശതാ പെൻഷന് അർഹതയുള്ളത്. കൂടാതെ സ്ഥിരമായ ശാരീരിക അവശത തെളിയിക്കുന്നതിലേക്ക് ഡോക്ടറുടെ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതുണ്ട്. ഇങ്ങനെ നിശ്ചയിച്ചിരിക്കുന്നതിന്റെ ഔചിത്യം സമിതി ആരായുകയും അവശതാ പെൻഷനു വേണ്ടിയുള്ള അർഹതയ്ക്ക് 5 വർഷം തുടർച്ചയായി അംശദായം അടച്ച അംഗത്തിനും കൂടി വ്യവസ്ഥ ചെയ്യുന്നതിൽ തെറ്റുണ്ടോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ഖണ്ഡിക 14(1) പ്രകാരം കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം അടച്ച ഒരു അംഗത്തിന് 60 വയസ്സ് ആകുമ്പോഴേ ആ പെൻഷൻ കിട്ടുകയുള്ളൂവെന്നും ഖണ്ഡിക 14(2) പ്രകാരം നിധിയിൽ കുറഞ്ഞത് 10 വർഷം അംശദായം അടച്ചിട്ടുള്ളതും തുടർന്ന് പ്രവർത്തനം നടത്താൻ കഴിയാത്തതുമായ ഒരംഗത്തിന് കുടിശ്ശികയുണ്ടെങ്കിൽ ഒറ്റത്തവണ അടച്ച് അംഗത്വം നിലനിർത്തുന്ന പക്ഷം 60 വയസ്സായില്ലെങ്കിലും പെൻഷൻ ലഭിക്കുമെന്നും അതുകൊണ്ടാണ് പത്ത് വർഷമായി നിജപ്പെടുത്തിരിയിരിക്കുന്നതെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി മറുപടി നൽകി. അവശതയുള്ളവരുടെ കാര്യമായതിനാൽ ലിബറലായി എടുക്കണമെന്നും പത്ത് വർഷമെന്നുള്ളത് അഞ്ചു വർഷമായി കുറയ്ക്കുന്നതിൽ തെറ്റില്ലായെന്നും അത് നയപരമായ ഒരു കാര്യമാണെന്നും നിയമവകുപ്പ് സെക്രട്ടറി തുടർമറുപടി നൽകി.

34. ആയതിനാൽ ഖണ്ഡിക 14(2)''നിധിയിൽ കുറഞ്ഞത് 10 വർഷം അംശദായം അടച്ചിട്ടുള്ളതും സ്ഥിരമായ ശാരീരിക അവശതമൂലം തുടർന്ന് പ്രവർത്തനം നടത്താൻ കഴിയാത്തതുമായ..........ഉണ്ടായിരിക്കുന്നതാണ്." എന്നത് "നിധിയിൽ കുറഞ്ഞത് അഞ്ച് വർഷം അംശദായം അടച്ചവരും................. ഉണ്ടായിരിക്കുന്നതാണ്." എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. ഖണ്ഡിക 15(2) പ്രകാരം "മരണപ്പെട്ട അംഗത്തിന്റെ കുടുംബത്തിൽ മുൻഗണനാക്രമത്തിൽ പെൻഷന് അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്." എന്ന് പറഞ്ഞിരിക്കുന്നത് കുറച്ചുകൂടി വ്യക്തത വരുത്തി "മരണപ്പെട്ട അംഗത്തിന്റെ കുടുംബത്തിൽ 2-ാം വകുപ്പ് (ജി) ഉപവകുപ്പിലെ മുൻഗണനാക്രമത്തിൽ പെൻഷന് അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്" എന്ന് തിരുത്തൽ വരുത്തുന്നതാണ് ഉചിതമെന്ന് സമിതി കരുതുന്നു. ആയതിനാൽ ഖണ്ഡിക 15(2) അപ്രകാരം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. ഖണ്ഡിക 16-ലെ ''സൂപ്പർ ആന്വേഷൻ'' എന്നത് ''സൂപ്പറാന്വേഷൻ'' എന്നും ഫാറം നമ്പർ 5-ൽ ''ഖണ്ഡിക 14(1) കാണുക'' എന്നതിനുപകരം "ഖണ്ഡികകൾ 14(1), 16 കാണുക" എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. ഖണ്ഡിക 13(2)-ൽ പറഞ്ഞിരിക്കുന്ന സസ്പെൻസ് അക്കൗണ്ട് ഇൻവെർട്ടഡ് കോമയിൽ കൊടുക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

38. ഖണ്ഡിക 15(3)-ൽ ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളിൽ അപേക്ഷകന്റെ ജനനത്തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൂടി ഉൾപ്പെടുത്തേണ്ടതല്ലേയെന്ന് സമിതി ആരാഞ്ഞതിന് ആൺമക്കളാണ് അപേക്ഷകരെങ്കിൽ അവർ പ്രായപൂർത്തിയാകുകയോ അല്ലെങ്കിൽ സ്വന്തമായി ഉപജീവനം നടത്തുകയോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതോടുകൂടി അവർ പെൻഷന് അർഹരല്ലാതായി തീരുകയാണെന്നും ആയതിനാൽ വയസ്സു തെളിയിക്കുന്ന രേഖയുണ്ടെങ്കിൽ മാത്രമെ പെൻഷൻ കിട്ടുകയുള്ളൂവെന്നും ആയതിനാൽ അപേക്ഷകന്റെ ജനനത്തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൂടി ഉൾപ്പെടുത്തണമെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. ആയതിനാൽ ഖണ്ഡിക 15(3)-ൽ ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളിൽ അപേക്ഷകന്റെ ജനനത്തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

39. വിവാഹാനുകൂല്യത്തിന് വ്യവസ്ഥ ചെയ്തിരിക്കുന്ന ഖണ്ഡിക 17-ന്റെ (2)-ാം ഉപഖണ്ഡികയിൽ "ഈ ആനുകൂല്യത്തിന് അപേക്ഷിക്കുന്ന അംഗം, ഒരു നിശ്ചിത ദിവസം തന്റെ അഥവാ മകളുടെ വിവാഹം നടക്കുന്നു എന്ന് തെളിയിക്കുവാനായി സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി-പ്രസിഡന്റ്-ചെയർമാൻ-മേയർ, എം.എൽ.എ., എം.പി. .................."എന്ന് പറഞ്ഞിരിക്കുന്നതിൽ "ഈ ആനുകൂല്യത്തിന് അപേക്ഷിക്കുന്ന അംഗം, ഒരു നിശ്ചിത ദിവസം തന്റെ അഥവാ മകളുടെ വിവാഹം നടക്കുന്നു എന്ന് തെളിയിക്കുവാനായി സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി/പ്രസിഡന്റ്/ചെയർമാൻ/മേയർ/എം.എൽ.എ.,................" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

40. ഖണ്ഡിക 16 'പെൻഷനുവേണ്ടിയുള്ള അപേക്ഷ' സംബന്ധിച്ചാണ്. പെൻഷനു വേണ്ടിയുള്ള അപേക്ഷ സെക്രട്ടറിക്ക് സമർപ്പിച്ചുകഴിഞ്ഞാൽ പെൻഷൻ അനുവദിക്കുന്നതിന് സെക്രട്ടറി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും അപേക്ഷ നിരസിക്കുകയാണെങ്കിൽ അപേക്ഷകന് വിശദീകരണം സമർപ്പിക്കാനുള്ള അവസരത്തെക്കുറിച്ചും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പെൻഷനുവേണ്ടിയുള്ള അപേക്ഷ പെൻഷന് അർഹതനേടി എത്ര ദിവസത്തിനുള്ളിൽ സമർപ്പിക്കണമെന്നും കാലതാമസം നേരിടുന്ന അപേക്ഷകൾ ഏത് രീതിയിലാണ് സമർപ്പിക്കേണ്ടതെന്നും പദ്ധതിയിൽ വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ ഖണ്ഡിക 15-ന്റെയോ 16-ന്റെയോ ഉപഖണ്ഡികയായി പെൻഷനുള്ള നടപടിക്രമംകൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്താൻ സമിതി ആവശ്യപ്പെട്ടതിന് ഖണ്ഡിക 16 ഏത് ഫാറത്തിലാണ് കുടുംബ പെൻഷനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് എന്നാണ് പറഞ്ഞിരിക്കുന്നതെന്നും ഒരു നിശ്ചിത കാലാവധിക്കകം കുടുംബപെൻഷന് അപേക്ഷ നൽകേണ്ടതുള്ളതിനാൽ ആറു മാസത്തിനകം എന്ന് കാലാവധികൂടി ഉൾപ്പെടുത്തി ഖണ്ഡിക 16 ഭേദഗതി ചെയ്യാമെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ വ്യക്തമാക്കി. ആയതിനാൽ ഖണ്ഡിക 16-ൽ "ആറു മാസത്തിനകം" എന്ന് കാലാവധികൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തണമെന്നും പെൻഷനുള്ള നടപടിക്രമം ഖണ്ഡിക 16-ൽ ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

41. ഖണ്ഡിക 17(1) പ്രകാരം വിവാഹാനുകൂല്യത്തിന് ഒരു വർഷവും ഖണ്ഡിക 19(1) പ്രകാരം ചികിത്സാസഹായത്തിന് മൂന്ന് വർഷവും ഖണ്ഡിക 22(1) പ്രകാരമുള്ള പ്രസവാനുകൂല്യത്തിന് മൂന്നു മാസവും ഖണ്ഡിക 20 പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യത്തിന് 5 വർഷവും, നിധിയിലേക്ക് അംശദായം അടച്ചിരിക്കണ മെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിലെ ഔചിത്യമെന്തെന്ന് സമിതി ആരായുകയും ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി അംഗത്വമെടുക്കുന്നത് ഒഴിവാക്കുന്നതരത്തിൽ ന്യായമായ ഒരു കാലയളവ് എല്ലാ ധനസഹായങ്ങൾക്കും പൊതുവായി ബാധക മാക്കുന്ന കാര്യം പരിഗണിക്കാൻ നിർദ്ദേശിച്ചതിനും ആക്റ്റ് പ്രകാരം വിവാഹാ നുകൂല്യത്തിന് കുറഞ്ഞത് ഒരു വർഷവും ചികിത്സാ സഹായത്തിന് മൂന്ന് വർഷവും വിദ്യാഭ്യാസാനുകൂല്യത്തിന് അഞ്ച് വർഷവും അംശദായം അടച്ചിരിക്കണമെന്ന വ്യവസ്ഥയുണ്ടെന്നും ചികിത്സാസഹായത്തിന് മൂന്നുവർഷം അംശദായം അടയ്ക്കണ മെന്ന മാനദണ്ഡം വയ്ക്കാനുള്ള കാരണം പരിശോധിച്ച് റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കാമെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി മറുപടി നൽകി. ആയതിനാൽ ചികിത്സാസഹായത്തിന് മൂന്നുവർഷം അംശദായം അടയ്ക്കണമെന്ന മാനദണ്ഡം വയ്ക്കാനുള്ള കാരണം പരിശോധിച്ച് റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

42. ഒരാൾ മൂന്ന് മാസം അംശദായം അടച്ചശേഷം അംശദായം അടയ്ക്കുന്നത് നിർത്തിയാലും അവർക്ക് പ്രസവാനുകൂല്യത്തിന് 5,000 രൂപ ലഭിക്കുമെന്നും എന്നാൽ ചികിത്സാ സഹായത്തിന് മൂന്നുവർഷം അംശദായം അടച്ചാൽ 25,000 രൂപ മാത്രമാണ് ലഭിക്കുന്നതും എന്നതിൽ എന്ത് ഔചിത്യമാണുള്ളതെന്നും ഇത് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

43. ഫാറം 5-ലെ ക്രമനമ്പർ 1-ൽ ''അപേക്ഷകന്റെ പേരും'' എന്നത് ''അംഗത്തിന്റെ പേരും'' എന്നും സത്യപ്രസ്താവനയിൽ ''അപേക്ഷകന്റെ ഒപ്പ്'' എന്നതിനുപകരം ''അംഗത്തിന്റെ ഒപ്പ്'' എന്നും മാറ്റം വരുത്താനും അംഗത്തിന്റെ ഒപ്പിന്റെ കൂടെ പേരുംകൂടി ഉൾപ്പെടുത്താനും സമിതി ശിപാർശ ചെയ്യുന്നു.

44. ഒരംഗത്തിന്റെ അംഗത്വം നിഷേധിച്ചാൽ അപ്പീലിനു പോകാൻ സ്കീമിൽ പ്രൊവിഷനുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അപ്പീലിനുള്ള പ്രൊവിഷൻ സ്കീമിൽ പറഞ്ഞിട്ടില്ലായെന്നും ചെയർമാന് അതിനുള്ള അധികാരമുണ്ടെന്നും അങ്ങനെയൊരു നിർദ്ദേശം വച്ചിരുന്നതാണെന്നും കെ.എസ്.ഡബ്ള്യൂ.ബി. സെക്രട്ടറി മറുപടി നൽകി. അപ്പീലിനുള്ള പ്രൊവിഷൻ വച്ചിട്ടില്ലായിരുന്നുവെന്നും അതിനുള്ള പ്രൊപ്പോസൽ ഉണ്ടായിരുന്നുവെന്നും നിയമവകുപ്പ് സെക്രട്ടറി മറുപടി നൽകി. ഒരംഗത്തിന്റെ അംഗത്വം നിഷേധിച്ചാൽ അപ്പീലിനു പോകാൻ പദ്ധതിയിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45. ഫാറം നമ്പർ 5-ൽ ''ആഫീസ് ഉപയോഗത്തിന്'' എന്ന തലക്കെട്ടിന് താഴെയായി ''സൂപ്പർ ആന്വേഷൻ'' എന്നത് ''സൂപ്പാറന്വേഷൻ'' എന്നും ''അപേക്ഷ ഓഫീസിൽ ലഭിച്ചത് .........-ന് ആണ്'' എന്നും തിരുത്തൽ വരുത്താനും പെൻഷൻ അനുവദിച്ചെങ്കിൽ പെൻഷൻ നമ്പറുംകൂടി ഇതിൽ ഉൾപ്പെടുത്താനും സമിതി ശിപാർശ ചെയ്യുന്നു.

46. ഫാറം നമ്പർ 5-ൽ ''/നിരസിച്ചു (കാരണം)'' എന്നത് അപേക്ഷ അനുവദിച്ചു എന്നതിന്റെ കൂടെ ഉൾപ്പെടുത്തിയിരിക്കുന്നത് ഉചിതമല്ല. കാരണം അതിനുമുകളിലായി അപേക്ഷ അനുവദിക്കാവുന്നതാണ് എന്ന് പറഞ്ഞിരിക്കുന്നു. ആയതിനാൽ "താഴെപ്പറയുന്ന കാരണത്താൽ അപേക്ഷ നിരസിച്ചു" എന്ന് അടുത്ത വരിയിലായും "കാരണം" അടുത്ത വരികളിലുമായും ഉൾപ്പെടുത്തുന്നതാണ് ഉചിതമെന്ന് സമിതി കരുതുന്നു. ആയതിനാൽ ഫാറം നമ്പർ 5 അപ്രകാരം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

47. ഫാറം 6-ൽ ''ഖണ്ഡിക 14 (2) കാണുക'' എന്നത് ''ഖണ്ഡികകൾ 14(2), 16 കാണുക" എന്നും ഫാറം 6-ലെ "അപേക്ഷകന്റെ" എന്നത് "അംഗത്തിന്റെ" എന്നും തിരുത്തൽ വരുത്താനും "അപേക്ഷകന്റെ ഒപ്പ്/വിരലടയാളം" എന്നതിന്റെ കൂടെ പേരും കൂടി ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

48. ഫാറം നമ്പർ 6-ൽ ആഫീസ് ഉപയോഗത്തിന് എന്നതിനു താഴെയായി "അപേക്ഷ അനുവദിച്ചു/നിരസിച്ചു (കാരണം)" എന്നതിൽ "നിരസിച്ചു/കാരണം" എന്നത് ''സെക്രട്ടറി'' എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിന് മുകളിലായി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

49. ഫാറം 7-നു താഴെയായി "ഖണ്ഡിക 15 കാണുക" എന്നത് "ഖണ്ഡിക 15, 16 കാണുക" എന്നും ഫാറം 7-ലെ ക്രമനമ്പർ 9-ലെ "അപേക്ഷന്" എന്നത് "അപേക്ഷകന്" എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

50. ഖണ്ഡിക 17 പ്രകാരമുള്ള വിവാഹാനുകൂല്യത്തിനുള്ള അപേക്ഷയുടെ മാതൃക പദ്ധതിയിൽ ഉൾപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

51. ഖണ്ഡിക 18 "അംഗത്തിന്റെ മരണാനന്തര ചെലവുകളെ സംബന്ധിച്ചായതിനാലും" ആക്ടിലെ 3(4)(h) വകുപ്പുപ്രകാരം "നിധിയിലെ ഒരംഗം മരണമടഞ്ഞാൽ കുടുംബത്തിന് ധനസഹായം നൽകുന്നതിന്" എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും ഖണ്ഡിക 18-ന്റെ തലക്കെട്ട് ''അംഗത്തിന്റെ കുടുംബാംഗങ്ങളുടെ മരണാനന്തര ചെലവ്" എന്ന് ചേർത്തിരിക്കുന്നത് "അംഗത്തിന്റെ മരണാനന്തര ചെലവ്" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

52. ഖണ്ഡിക 19 പ്രകാരമുള്ള "ചികിൽസാ സഹായത്തിനുള്ള അപേക്ഷയുടെ മാതൃക" പദ്ധതിയിൽ ഉൾപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

53. ഖണ്ഡിക 24-ൽ ആനുകൂല്യത്തിനുള്ള അപേക്ഷ നൽകുന്ന രീതിയും ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവ് നൽകുന്നതിനെക്കുറിച്ചുമാണ് പരാമർശിച്ചിരിക്കുന്നത്. ഓരോ ആനുകൂല്യത്തിനും അപേക്ഷ സമർപ്പിക്കേണ്ട കാലയളവ്, അപേക്ഷയിന്മേൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്നിവ വ്യക്തമായി പദ്ധതിയിൽ പ്രതിപാദിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയിൽ പെൻഷനും അവശതാ പെൻഷനും കുടുംബപെൻഷനും മാത്രമാണ് അപേക്ഷയുടെ മാതൃക ഉൾക്കൊള്ളിച്ചിട്ടുള്ളത്. വിവാഹാനുകൂല്യത്തിന് അപേക്ഷ നൽകേണ്ട കാലയളവ് പദ്ധതിയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ചികിൽസാ സഹായത്തിനോ മരണാനന്തര ചെലവിനോ മരണാനന്തര സഹായത്തിനോ വിദ്യാഭ്യാസാനുകൂല്യത്തിനോ വ്യക്തമായ കാലയളവ്

രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നില്ല. ആയതിനാൽ, മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾക്കായി വ്യക്തവും നിയതവുമായ മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ച് ഖണ്ഡിക 24 ഭേദഗതി ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു.

54. ഖണ്ഡിക 20 പ്രകാരമുള്ള "വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള അപേക്ഷ"യുടെ മാതൃകയും ഖണ്ഡിക 21 പ്രകാരമുള്ള "മരണാനന്തര സഹായത്തിനുള്ള അപേക്ഷ" യുടെ മാതൃകയും ഖണ്ഡിക 22 പ്രകാരമുള്ള "പ്രസവാനുകൂല്യത്തിനുള്ള അപേക്ഷ" യുടെ മാതൃകയും പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

55. ഖണ്ഡിക 26-ലെ അവസാനത്തെ വരിയിൽ "................. ബഡ്ജറ്റ് ബോർഡ് അംഗീകരിച്ച് സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കേണ്ടതാണ്'' എന്നത് "..................... സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്." എന്നും പദ്ധതിയിലെ ഖണ്ഡിക 26-ന്റെ (4)-ാം ഉപഖണ്ഡിക (ii)-ൽ "ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള ചെലവുകൾക്കു മാത്രമേ പുനർവിനിയോഗം ചെയ്യപ്പെടുന്ന തുക വിനിയോഗിക്കേണ്ടതാണ്". എന്നത് "വിനിയോഗിക്കാൻ പാടുള്ളൂ" എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56. ഖണ്ഡിക 13-ലെ "നിധിയുടെ കണക്കുകൾ" സംബന്ധിച്ച വ്യവസ്ഥയിൽ അംശദായ കണക്കുകൾ സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിനായി ഉപഖണ്ഡിക (2) ആയി "നിധിയിലേക്ക് അംഗങ്ങളിൽനിന്നും ലഭിക്കുന്ന അംശദായ തുകയും ആക്റ്റിന്റെ 6-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽനിന്നും ലഭിക്കുന്ന തുകയും കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി അക്കൗണ്ട് എന്ന പേരിൽ വരവ് വയ്ക്കേണ്ടതാണ്" എന്ന് ചേർക്കേണ്ടതല്ലേയെന്നും, ഖണ്ഡിക 13-ന്റെ ഉപഖണ്ഡിക (2) ആയി മുകളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥ ചേർക്കുന്നപക്ഷം ഇപ്പോഴുള്ള ഉപഖണ്ഡിക (2) ഉപഖണ്ഡിക (3) ആയി പുനഃക്രമീകരണം നടത്താവുന്നതല്ലേയെന്നും, പദ്ധതിയിൽ 13-ാം ഖണ്ഡിക പ്രകാരം "കണക്കുകൾ" എന്ന ശീർഷകത്തിലും ചട്ടങ്ങളിലെ ചട്ടം 10 പ്രകാരമുള്ള "ബോർഡിന്റെ കണക്കുകൾ സൂക്ഷിക്കൽ" എന്നതിലും ബോർഡിന്റെ കണക്കുകൾ തന്നെയാണ് പരാമർശിച്ചിരിക്കുന്നത് എന്നതിനാൽ പദ്ധതിയിലോ ചട്ടത്തിലോ ഏതെങ്കിലും ഒന്നിൽ അത് നിലനിർത്തുന്നതല്ലേ ഉചിതമെന്ന് സമിതി ആരാഞ്ഞതിന് ഖണ്ഡികകൾ പുനഃക്രമീകരണം നടത്തി "ബോർഡിന്റെ കണക്കുകൾ" എന്ന് ചട്ടത്തിൽ നിലനിർത്താമെന്ന് നിയമ വകുപ്പ് സെക്രട്ടറി മറുപടി നൽകി. ആയതിനാൽ ഖണ്ഡികകൾ പുനഃക്രമീകരണം നടത്തി ബോർഡിന്റെ കണക്കുകൾ എന്ന് ചട്ടത്തിൽ നിലനിർത്തി ചട്ടം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

57. ആക്റ്റിലെ 3(4) (ജെ) വകുപ്പുപ്രകാരം "സാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി അംഗങ്ങൾക്ക് വായ്പകളോ മുൻകൂറുകളോ മെയിന്റനൻസ് ഫണ്ടോ നൽകുന്നതിന് ഫണ്ട് ഉപയോഗിക്കേണ്ടതാണ്". കേരള സംസ്ഥാനത്തിന്റെ സാംസ്കാരികത മുൻനിർത്തി അത്തരം സാംസ്കാരിക സ്ഥാപനങ്ങൾ വളർത്തുന്നതിനായി ഈ കാര്യംകൂടി വ്യവസ്ഥയിൽ ഉൾപ്പെടുത്തേണ്ടതല്ലേയെന്ന് സമിതി ആരാഞ്ഞതിന് സാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി അംഗങ്ങൾക്ക് വായ്പ കൊടുക്കാനുള്ള പ്രൊവിഷൻ ആക്റ്റിലുണ്ടെന്നും അത്തരം

കാര്യങ്ങൾക്ക് വായ്പകൊടുക്കാൻ ഫണ്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ടെന്നും ഏതൊക്കെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വായ്പ നൽകാൻ കഴിയുമെന്ന് വിശദമായി പഠിച്ചതിനുശേഷം സ്കീമിൽ ഉൾപ്പെടുത്തുന്നതാണ് നല്ലതെന്നും സാംസ്കാരിക വകുപ്പിന് ഇപ്പോൾ നിലവിലുള്ള കോൺട്രിബ്യൂഷൻ എന്നുപറയുന്നത് അംശദായവും ഗവൺമെന്റിൽ നിന്നുള്ള കോൺട്രിബ്യൂഷനും കൂടാതെ 25 രൂപയിൽ കൂടുതലുള്ള ടിക്കറ്റിന് 3 രൂപ വീതമുള്ള സെസ്സുമാണെന്നും പക്ഷേ സെസ്സായി ലഭിക്കുന്ന 3 രൂപ സാംസ്കാരിക വകുപ്പിന് കൃത്യമായി ലഭിക്കാത്തതിനാൽ എക്സിബിറ്റേഴ്സ് ഫെഡറേഷൻ കോടതിയിൽ ചലഞ്ച് ചെയ്യുകയും ആയതിനു ശേഷം കുറച്ച് തീയേറ്ററുകൾ കൊടുക്കുന്നുണ്ടെന്നും ബാക്കിയുള്ള തീയേറ്ററുകൾ ഇപ്പോഴും കൊടുക്കുന്നില്ലായെന്നും ആയതിനാൽ ഫണ്ടിന് ബുദ്ധിമുട്ടുണ്ടെന്നും പെൻഷൻ കൊടുത്തുതുടങ്ങിക്കഴിയുമ്പോഴേക്കും ചിലപ്പോൾ സാമ്പത്തിക പ്രതിസന്ധി വരാൻ സാധ്യതയുള്ളതായി കാണുന്നുണ്ടെന്നും അപ്പോൾ അതിന്റെ കണക്ക് നോക്കിയിട്ട് സ്കീം ഭേദഗതി ചെയ്യുന്നതായിരിക്കും നല്ലതെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ വ്യക്തമാക്കി.

58. ആയതിനാൽ, സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് സാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി അംഗങ്ങൾക്ക് വായ്പകളോ മുൻകൂറുകളോ മെയിന്റനൻസ് ഫണ്ടോ നൽകുന്നതിന് ഫണ്ട് ഉപയോഗിക്കേണ്ടതാണ് എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

59. ഖണ്ഡിക 24 (2)-ലെ 2-ാമത്തെ വരിയിൽ "ഉൾകൊള്ളിക്കേണ്ടതുമാണ്" എന്നത് "ഉൾക്കൊള്ളിക്കേണ്ടതുമാണ്" എന്നും ഖണ്ഡിക 19(1)-ലെ അവസാനത്തെ വരിയിൽ "ഇരുപ്പത്തി അയ്യായിരം" എന്നത് "ഇരുപത്തി അയ്യായിരം" എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

60. ഖണ്ഡിക 14 പ്രകാരം നിധിയിൽ 10 വർഷമെങ്കിലും അംശദായം അടച്ചിട്ടുള്ള ഒരംഗത്തിനേ അവശതാ പെൻഷന് അർഹതയുള്ളൂ. പത്തിൽത്താഴെ വർഷം അംശദായം അടച്ചിട്ടുള്ള അംഗത്തിന് അവശത സംഭവിച്ചാൽ എന്താണ് സഹായമെന്നും ഏതെങ്കിലും ഒരംഗം ജോലി ഉപേക്ഷിക്കുകയോ സംഘടനയുടെ അച്ചടക്ക നടപടിക്ക് വിധേയമായി ജോലിയിൽ നിന്നു പോകുകയോ ചെയ്ത് അംഗത്വം നഷ്ടപ്പെട്ട് അംഗത്വം പുനഃസ്ഥാപിക്കാൻ യാതൊരു സാദ്ധ്യതയുമില്ലെങ്കിൽ അതുവരെ അടച്ച അംശദായം എങ്ങനെ തിരിച്ചു നൽകുമെന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല എന്ന് സമിതി നിരീക്ഷിക്കുകയും അതുംകൂടി ഉൾപ്പെടുത്തി പദ്ധതി ഭേദഗതി ചെയ്യേണ്ടതല്ലേയെന്ന് ആരായുകയും ചെയ്തതിന് ഇങ്ങനെവരുന്ന ഡീഫാൾട്ടേഴ്സിന്റെ കാശാണ് ക്ഷേമനിധിയുടെ നിലനിൽപ്പെന്ന് കെ. എസ്. ഡബ്ള്യൂ. ബി. സെക്രട്ടറി വ്യക്തമാക്കി. ഇക്കാര്യം പരിശോധിച്ചുവേണ്ട ഭേദഗതി വരുത്താമെന്ന് സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി മറുപടി നൽകി.

61. ആയതിനാൽ പത്തിൽത്താഴെ വർഷം അംശദായം അടച്ചിട്ടുള്ള അംഗത്തിന് അവശത സംഭവിച്ചാൽ എന്താണ് സഹായമെന്നും ഏതെങ്കിലും ഒരംഗം ജോലി ഉപേക്ഷിക്കുകയോ സംഘടനയുടെ അച്ചടക്ക നടപടിക്ക് വിധേയമായി ജോലിയിൽ നിന്നുപോകുകയോ ചെയ്ത് അംഗത്വം നഷ്ടപ്പെട്ട് അംഗത്വം

പുനഃസ്ഥാപിക്കാൻ യാതൊരു സാദ്ധ്യതയുമില്ലെങ്കിൽ അതുവരെ അടച്ച അംശദായം എങ്ങനെ തിരിച്ചു നൽകുമെന്നും പദ്ധതിയിൽ വ്യവസ്ഥ ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു.

62. ഖണ്ഡിക 28-ൽ റിക്കാർഡുകളുടെ പകർപ്പ് നൽകുന്നത് സംബന്ധിച്ചാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പകർപ്പുകൾക്കായി ഫീസ് എങ്ങനെ ഒടുക്കണം എന്നും പകർപ്പ് നൽകുന്നതിനായി ഒടുക്കേണ്ട ഫീസ് എത്രയെന്ന് ബോർഡ് നിശ്ചയിച്ചിട്ടുണ്ടോ എന്നും സമിതി ആരായുകയുണ്ടായി. പകർപ്പ് നൽകുന്നതിനായി ഒടുക്കേണ്ട ഫീസ് എത്രയെന്ന് ബോർഡ് നിശ്ചയിച്ചിട്ടില്ലായെന്ന് കെ. എസ്. ഡബ്ള്യൂ. ബി. സെക്രട്ടറി സമിതി മുമ്പാകെ മറുപടി നൽകി. ആയതിനാൽ പകർപ്പ് നൽകുന്നതിനായി ഒടുക്കേണ്ട ഫീസ് എത്രയെന്ന് ബോർഡ് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ അതുംകൂടി ഉൾപ്പെടുത്തി പദ്ധതി ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

63. ആക്റ്റിലെ 3(4)(ഇ) പ്രകാരം സ്ഥായിയായ ശാരീരിക അവശതമൂലം അല്ലെങ്കിൽ അംഗവൈകല്യംമൂലം ഉപജീവനത്തിനുവേണ്ടിയുള്ള ഏതെങ്കിലും ജോലി ചെയ്യുന്നതിന് കഴിവില്ലാതായ ഒരംഗത്തിന് സാമ്പത്തിക സഹായവും പെൻഷനും നൽകുന്നതിന് ഫണ്ട് ഉപയോഗിക്കാവുന്നതാണ്. എന്നാൽ പദ്ധതിയിലെ ഖണ്ഡിക 14(2) പ്രകാരം അവശതാ പെൻഷൻ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. സാമ്പത്തിക സഹായം ഉൾപ്പെടുത്താത്തതിന് സമിതി കാരണം ആരാഞ്ഞതിന് ഒരു നല്ല കലാകാരൻ ശാരീരിക അവശതമൂലമോ അല്ലാതെയൊ ഫീൽഡിൽനിന്നും പുറത്തായാൽ അവശതാ പെൻഷൻ ലഭിക്കുമെന്നും ഫണ്ടിന്റെ സ്ഥിതി നോക്കിയ ശേഷം നൽകുന്നതാവും നല്ലതെന്ന് കെ. എസ്. ഡബ്ള്യൂ. ബി. സെക്രട്ടറി സമിതി മുമ്പാകെ വ്യക്തമാക്കി. ആയതിനാൽ ഫണ്ടിന്റെ സ്ഥിതി മെച്ചപ്പെടുന്ന വേളയിൽ സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

64. ആക്റ്റിലെ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം "സർക്കാരിന് വിജ്ഞാപനംവഴി അതിൽ വിനിർദ്ദേശിക്കാവുന്ന തീയതിമുതൽ പ്രാബല്യത്തോടുകൂടി നിധിയുടെ.............. ബോർഡ് രൂപീകരിക്കാവുന്നതാണ്." അപ്രകാരം ബോർഡ് രൂപീകരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ബോർഡ് രൂപീകരിച്ചിട്ടുണ്ടെന്നും എസ്. ആർ. ഒ. ആയി പ്രസിദ്ധീകരിച്ചിട്ടില്ലായെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

65. വിജ്ഞാപനം ഇറങ്ങിയിട്ടില്ലെങ്കിൽ എങ്ങനെയാണ് ബോർഡ് പ്രവർത്തിക്കുന്നതെന്നും രണ്ട് വർഷമായി എസ്. ആർ. ഒ. ഇല്ലാതെയുള്ള ബോർഡിന്റെ പ്രവർത്തനം എങ്ങനെ സാധൂകരിക്കുമെന്നും സമിതി ആരാഞ്ഞതിന് വാലിഡേറ്റ് ചെയ്യുന്നതിനുള്ള ആക്ട് കൊണ്ടുവരുന്നതാണ് നല്ലതെന്നും നോട്ടിഫിക്കേഷൻ ഇല്ലെങ്കിൽ ബോർഡിന് ലീഗൽ എക്സിസ്റ്റൻസ് ഇല്ലായെന്നും ബോർഡ് രൂപീകരിച്ചതുപോലും നിയമവകുപ്പിനെ അറിയിച്ചിട്ടില്ലാതെയാണെന്നും എല്ലാം ഭരണ വകുപ്പാണ് ചെയ്തതെന്നും ഉടൻതന്നെ വിജ്ഞാപനം ഇറക്കാൻ മാത്രമെ പറ്റുകയുള്ളൂവെന്നും സാധാരണ ബോർഡിന്റെ ശിപാർശയായിട്ടാണ് വരുന്നതെന്നും അത് ഇതുവരെയും വന്നിട്ടില്ലായെന്നും നിയമവകുപ്പ് സമിതി മുമ്പാകെ വ്യക്തമാക്കി.

66. എസ്. ആർ. ഒ.വഴിയല്ലാതെ രൂപീകരിച്ച ബോർഡിൽ 12 നോൺ ഒഫിഷ്യൽ മെമ്പർമാരുൾപ്പെടെ മൊത്തം 22 പേരുണ്ടെന്നും അവർ ഈ രണ്ടു വർഷ കാലയളവിൽ നിരവധി പ്രവർത്തനങ്ങൾ നടത്തുകയും അവരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് ധാരാളം തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടു ണ്ടെന്നും സമിതി ഈ വേളയിൽ നിരീക്ഷിക്കുകയുണ്ടായി. ഇക്കാര്യം പരിശോധിച്ച് എന്ത് പരിഹാരമാർഗ്ഗം എടുക്കാൻ സാധിക്കുമെന്നും ഇത് പരിഹരിച്ച് അടിയന്തിരമായി സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

67. സമാന്തരമായി ഒരു വിജ്ഞാപനം പുറപ്പെടുവിക്കാനേ നമുക്ക് കഴിയുകയുള്ളൂ വെന്നും നിയമസാധുതയ്ക്കുവേണ്ടി മുൻകാല നിയമപ്രാബല്യം വരുത്തി (വാലി ഡേഷൻ ആക്റ്റ്) തന്നെ കൊണ്ടുവരേണ്ടിവരുമെന്നും ഇനിയും കൂടുതൽ കാലതാമസം ഉണ്ടാകാതെ വിജ്ഞാപനം പുറപ്പെടുവിക്കാനേ സാധിക്കുകയുള്ളൂവെന്നും നിയമവകുപ്പ് ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

68. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ ആയത് ഉറപ്പുവരുത്തിയിട്ട് ഒരാഴ്ചയ്ക്കകം വിജ്ഞാപനം പുറപ്പെടുവിക്കാമെന്നും 2013 ഒക്ടോബർ 22-ാം തീയതിക്കുമുൻപ് മറുപടി നൽകാമെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ മറുപടി നൽകിയിരുന്നുവെങ്കിലും നാളിതുവരെ ഇതിന്മേൽ നടപടി സ്വീകരിക്കാത്തതും മറുപടി ലഭ്യമാക്കാത്തതും ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ഇത്തരത്തിലുള്ള കാര്യങ്ങൾ ഭാവിയിൽ ഉണ്ടാകാതെയിരിക്കേണ്ടത് ഒരു ആവശ്യമാണ്. ആകയാൽ കാലതാമസം വരുത്തിയതിനുള്ള കാരണം സമിതിയെ അറിയിക്കുന്നതോടൊപ്പം ബോർഡ് രൂപീകരിച്ചത് സംബന്ധിച്ച എസ്. ആർ. ഒ. അടിയന്തരമായി പ്രസിദ്ധീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. ഈ നടപടിക്രമങ്ങളിൽ ഉണ്ടായ വീഴ്ച സംബന്ധിച്ച് ഒരു വകുപ്പുതല അന്വേഷണം നടത്തണമെന്നും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച വിശദവിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**എസ്.ആർ.ഒ. നമ്പർ 247/2013 തീയതി 27-3-2013**

**സ. ഉ. (പി) നമ്പർ 2/2013/സാം.കാ.വ. തീയതി 2013 ജനുവരി 8**

69. 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിലെ (2011-ലെ 6) 27-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ചട്ടങ്ങൾ എന്ന പേരിൽ ചട്ടങ്ങൾ ഉണ്ടാക്കിക്കൊണ്ടുള്ളതാണ് 2013-ലെ 247/2013-ാം നമ്പർ എസ്.ആർ.ഒ.

70. 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റ് 2011 ഫെബ്രുവരി മാസം 10-ാം തീയതി പ്രാബല്യത്തിൽ വന്നുവെങ്കിലും കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ചട്ടങ്ങൾ ഉണ്ടാക്കി പ്രാബല്യത്തിൽ വരുത്തി യിരിക്കുന്നത് 2013 ജനുവരി 8-ാം തീയതി മാത്രമാണ്. ആക്റ്റ് പ്രാബല്യത്തിൽവന്ന് 22 മാസങ്ങൾക്കുശേഷമാണ് ചട്ടങ്ങൾ നിലവിൽ വന്നിരിക്കുന്നത്. ചട്ടങ്ങൾ

വിജ്ഞാപനം ചെയ്യാൻ കാലതാമസം നേരിട്ടതിന് സമിതി കാരണം ആരാഞ്ഞതിന് പദ്ധതി രൂപീകരിക്കാൻ കാലതാമസം നേരിട്ട അതേകാര്യങ്ങൾ കൊണ്ടുതന്നെയാണ് ചട്ടങ്ങൾ രൂപീകരിക്കാൻ കാലതാമസം നേരിട്ടതെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

71. ചട്ടം 2 (ബി) പ്രകാരം "പ്രവർത്തന ഫണ്ട് എന്നാൽ 9-ാം ചട്ടം (3) ഉപചട്ടപ്രകാരം അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള പ്രവർത്തനഫണ്ട് എന്നർത്ഥമാകുന്നു" എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ പ്രവർത്തന ഫണ്ട് വിശദീകരിച്ചിരിക്കുന്നത് ചട്ടം 10(3) പ്രകാരമാണ്. ചട്ടം 10(3) പ്രകാരം "അംശദായത്തിന്റെ 10% കവിയാത്ത തുക പ്രവർത്തനഫണ്ടായി പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കാവുന്നതും ............. എന്നിവ പ്രവർത്തനഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതുമാണ്." ആയതിനാൽ ചട്ടം 2(ബി) "പ്രവർത്തനഫണ്ട് എന്നാൽ 10-ാം ചട്ടം (3)-ാം ഉപചട്ടപ്രകാരം പ്രത്യേക അക്കൗണ്ടിൽ ................എന്നർത്ഥമാകുന്നു" എന്ന് തിരുത്തൽ വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

72. ആക്റ്റിലെ 8(6) വകുപ്പുപ്രകാരം ബോർഡിലെ ചെയർമാന്റെയും ഡയറക്ടർമാരുടെയും പേരുകൾ സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അപ്രകാരം സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോയെന്നാരാഞ്ഞതിന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ലായെന്നും ഉടൻതന്നെ നടപടി സ്വീകരിക്കുമെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി. ആയതിനാൽ ബോർഡിലെ ചെയർമാന്റെയും ഡയറക്ടർമാരുടെയും പേരുകൾ സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

73. ചട്ടം 7(1)-ലെ 2-ാമത്തെ വരിയിൽ "വിധേയമായ" എന്നത് "വിധേയമായി" എന്ന് തിരുത്തൽ വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

74. ചട്ടം 7(3)-ലെ "ചെയർമാന് അടിയന്തിരം എന്ന് ബോദ്ധ്യപ്പെടുന്ന കാര്യമോ .............. ബോർഡിന്റെ അടിയന്തിര യോഗത്തിന് ഉചിതമായ സമയം നൽകി നോട്ടീസ് നടത്താവുന്നതാണ്" എന്നത് "ചെയർമാന് അടിയന്തരം എന്ന് ബോദ്ധ്യപ്പെടുന്ന ............കാര്യമോ പരിഗണിക്കുന്നതിനായി, ബോർഡിന് അടിയന്തരയോഗം വിളിച്ചുകൂട്ടാവുന്നതും, അതിന് ന്യായമായ സമയം നൽകി നോട്ടീസ് നൽകേണ്ടതാണ്" എന്ന് തിരുത്തൽ വരുത്തുന്നതാണ് കൂടുതൽ ഉചിതമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ അത്തരത്തിൽ ചട്ടം 7(3) ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

75. ചട്ടം 8-ലെ രണ്ടാമത്തെ വരിയിൽ "വോട്ടിടുന്ന പക്ഷം" എന്നത് "വോട്ടിനിടുന്ന പക്ഷം" എന്ന് തിരുത്തൽ വരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

76. യോഗനടപടിക്കുറിപ്പുകൾ സംബന്ധിച്ച ചട്ടം 9(1)-ൽ "ഓരോ ബോർഡ് യോഗത്തിന്റെയും നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഒരു യോഗംകൂടി 15 ദിവസത്തിനകം ആ യോഗനടപടിയുടെ

വിശദാംശങ്ങൾ ഡയറക്ടർമാർക്ക് അയച്ചുകൊടുക്കേണ്ടതാണ്." എന്നത് "ഓരോ ബോർഡ് യോഗത്തിന്റെയും യോഗ നടപടിക്കുറിപ്പ് സെക്രട്ടറി യോഗനടപടിക്കുറിപ്പ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതും യോഗം കൂടി 15 ദിവസത്തിനകം എല്ലാ ഡയറക്ടർമാർക്കും യോഗനടപടിക്കുറിപ്പിന്റെ പകർപ്പ് അയച്ചുകൊടുക്കേണ്ടതുമാണ്. യോഗനടപടിക്കുറിപ്പ് പുസ്തകം സ്ഥിരം റിക്കാർഡായി സൂക്ഷിക്കേണ്ടതാണ്" എന്ന് മാറ്റം വരുത്തുന്നതാണ് ഉചിതമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ അത്തരത്തിൽ ചട്ടം 9(1) ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

77. ചട്ടം 9(2) "ഒരു യോഗം സംബന്ധിച്ച വിശദവിവരങ്ങളുടെ കരട് തൊട്ടടുത്ത ബോർഡ് യോഗത്തിൽ ഔപചാരികമായി അംഗീകരിക്കേണ്ടതും നേരത്തെ നല്കിയ കരട് യോഗനടപടികളിൽ എന്തെങ്കിലും ഭേദഗതികൾ ഉണ്ടെങ്കിൽ അത് സ്ഥിരീകരിച്ച് രേഖപ്പെടുത്തി ചെയർമാൻ ഒപ്പ് വയ്ക്കേണ്ടതുമാണ്." എന്നത് "ഒരു യോഗത്തിന്റെ യോഗനടപടിക്കുറിപ്പ് തൊട്ടടുത്ത ബോർഡ് യോഗത്തിൽ ഔപചാരികമായി അംഗീകരിക്കേണ്ടതും യോഗനടപടിക്കുറിപ്പിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നപക്ഷം അത്തരം മാറ്റത്തോടെ അംഗീകരിച്ച് ചെയർമാൻ ഒപ്പ് വയ്ക്കേണ്ടതുമാണ്." എന്ന് മാറ്റം വരുത്തുന്നതാണ് കൂടുതൽ ഉചിതമെന്ന് സമിതി കരുതുന്നു. ആയതിനാൽ ചട്ടം 9(2) അപ്രകാരം ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

78. ചട്ടം 11 പ്രകാരം "പൊതുഫണ്ടുകളുടെ കണക്കുകൾ സൂക്ഷിക്കുന്നത് സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ നിർണ്ണയിച്ചിട്ടുള്ള പ്രകാരമുള്ള രജിസ്റ്ററുകളിലും ഫാറങ്ങളിലും നിധിയുടെ കണക്കുകൾ സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കേണ്ടതാണ്" എന്ന് നിഷ്ക്കർഷിച്ചിരിക്കുന്നതിനാൽ ഏത് അക്കൗണ്ടിംഗ് സിസ്റ്റം പ്രകാരമാണ് നിധിയുടെ കണക്കുകൾ സൂക്ഷിക്കുന്നതെന്നും ഈ രജിസ്റ്ററുകളുടെയും ഫോറങ്ങളുടെയും മാതൃക ചട്ടത്തിൽ ഉൾപ്പെടുത്തി കൂടുതൽ വ്യക്തത വരുത്തേണ്ടതല്ലേയെന്നും സമിതി ആരാഞ്ഞതിന് ഡബിൾ എൻട്രി സിസ്റ്റമാണ് ഫോളോ ചെയ്യുന്നതെന്നും ക്യാഷ് ബുക്ക്, ചെക്ക് രജിസ്റ്റർ, ഡെലിവെറി രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെന്നും അംശദായം അടയ്ക്കുന്നത് ബാങ്കുവഴി നേരിട്ടാണെന്നും കെൽട്രോണിനെ കൊണ്ട് അക്കൗണ്ടിംഗിനുവേണ്ടി ഒരു സോഫ്റ്റ്‌വെയർ ഉണ്ടാക്കിയിട്ടുണ്ടെന്നും അതുപ്രകാരമാണ് കണക്കുകൾ ചെയ്യുന്നതെന്നും കെ. എസ്. ഡബ്ല്യൂ. ബി. സെക്രട്ടറി സമിതി മുമ്പാകെ മറുപടി നൽകി. രജിസ്റ്ററുകളുടെയും ഫോറങ്ങളുടെയും മാതൃക ചട്ടത്തിൽ ഉൾപ്പെടുത്തുന്നത് പരിശോധിച്ച് തീരുമാനിക്കാമെന്ന് നിയമവകുപ്പ് സെക്രട്ടറി അറിയിച്ചു.

79. ഈ സാഹചര്യത്തിൽ രജിസ്റ്ററുകളുടെയും ഫോറങ്ങളുടെയും മാതൃക ചട്ടത്തിൽ ഉൾപ്പെടുത്തി ചട്ടം 11 ഭേദഗതി ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു.

80. ചട്ടം 14(2) പ്രകാരം "24-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സെക്രട്ടറി തയ്യാറാക്കിയിട്ടുള്ള വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റും ഓരോ വർഷവും ജൂലൈ അവസാനത്തിനുമുമ്പായി

സർക്കാരിന് സമർപ്പിക്കേണ്ടതാണ്.” അപ്രകാരം വാർഷിക റിപ്പോർട്ടും വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റും സമർപ്പിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് 2013 ജനുവരിയിലാണ് ചട്ടം പ്രാബല്യത്തിൽ വന്നതെന്നും ആയതിനാൽ വാർഷിക റിപ്പോർട്ടും വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റും സമർപ്പിക്കാൻ സമയമാകുന്നതേയുള്ളൂവെന്നും കെ.എസ്.ഡബ്ള്യൂ.ബി. സെക്രട്ടറി അറിയിച്ചു. ആയതിനാൽ ചട്ടം 14(2) പ്രകാരം വാർഷിക റിപ്പോർട്ടും വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റും ഓരോ വർഷവും ജൂലൈ അവസാനത്തിനുമുമ്പായി സർക്കാരിന് സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**എം. ഉമ്മർ,**
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2014 ഫെബ്രുവരി 3.